II ഇ.ബി.XIV-കേരള നിയമസഭ/X-20

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

61 (*571) തീരദേശ പരിപാലന നിയമം

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011 ജനുവരി 6-നാണ് തീരദേശ നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും പ്രസ്തുത നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്ര സർക്കാർ രൂപീകരിച്ച സമിതി 2014 ആഗസ്റ്റ് 22-ന് കേരളം സന്ദർശിക്കുകയും മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത സമിതി തീരദേശ മേഖലയിൽ ഭവന നിർമ്മാണത്തിനും മറ്റും ഇളവു നൽകുന്നതിന് ശിപാർശ ചെയ്ത് വിശദമായ

റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. CRZ Clearance-നുവേണ്ടി തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ചീഫ് സയന്റിസ്റ്റ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നിവരുടെയും സഹായത്തോടെ തീർപ്പാക്കി വരികയാണ്. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച 5123 അപേക്ഷകൾ ഇതിനകം തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ മേഖലയിലെ കെട്ടിടനിർമ്മാണത്തിനുള്ള ദൂരപരിധി കായൽ മേഖലയിൽ 10 മീറ്ററായും മറ്റ് മേഖലകളിൽ 50 മീറ്ററായും ചുരുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്ത് തന്നെ വീട് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ജില്ലാ സമിതികളിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.

പഞ്ചായത്ത്/നഗരപാലിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ തീരദേശത്തെ കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതാണെന്നും നിയമത്തിൽ ഇളവുകൾ നേടിയെടുക്കുന്നതിന് മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ സർവ്വകക്ഷി സംഘം രൂപീകരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും തീരദേശത്തെ സോൺ 2-ന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പബ്ലിക് ഹിയറിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

62 (*572) <u>സംസ്ഥാനത്തെ പാചക വാതക വിതരണം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, പാചക വാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് സംസ്ഥാന ലേബർ കമ്മീഷണർ കൺവീനറായി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പരാതികൾ പരിഹരിക്കുന്നതിനായി ഒരു ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുകയും പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ പാചക വാതക അദാലത്ത് മുഖേനയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിച്ചും

പരാതികൾ യഥാസമയം പരിഹരിക്കുന്നുണ്ട്. ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന സിലിണ്ടറുകൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ രംഗത്തെ ക്രമക്കേടുകളും അപാകതകളും പരിഹരിക്കുന്നതിന് പര്യാപ്തമാണെന്നും സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്നും മാനദണ്ഡങ്ങൾ പ്രകാരം ഉപയോഗയോഗ്യമായ സിലിണ്ടറുകളിൽ മാത്രമേ ഗ്യാസ് നിറയ്ക്കാറുള്ളുവെന്നും വിതരണത്തിന് മുമ്പ് സിലിണ്ടറുകൾ സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് വിതരണക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എണ്ണ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. സിലിണ്ടറുകളുടെ തൂക്കത്തിലെ വ്യത്യാസം പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് അധികാരമുണ്ടെന്നും ഓരോ 5 കിലോമീറ്റർ ദൂരപരിധിയിലും എൽ.പി.ജി. ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനും ആദിവാസികൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും തുരുത്തുകളിൽ താമസിക്കുന്നവർക്കും ഏപ്രിൽ മാസം മുതൽ സൗജന്യമായി ഗ്യാസ് കണക്ഷൻ അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ബുക്ക് ചെയ്താൽ ശരാശരി 6 ദിവസത്തിനുള്ളിൽ സിലിണ്ടർ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട്. കൊച്ചിയിൽ ഗെയിൽ പൈപ്പ് ലൈനുമായി

ബന്ധപ്പെട്ട പ്രശ്നങ്ങൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ സ്ഥലം ലഭ്യമാക്കിയാൽ സപ്ലൈകോയ്ക്ക് പുതിയ ഔട്ട്ലെറ്റ് അനുവദിക്കുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

63 (*573) <u>സപ്ലൈകോയുടെ നൂതന പ്രവർത്തനങ്ങൾ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സപ്ലൈകോയുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മെട്രോ നഗരങ്ങളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മിനി മാളുകൾ ആരംഭിക്കുന്നതാണെന്നും അനുയോജ്യമായ സ്ഥലവും ഓയിൽ കമ്പനികളിൽ നിന്ന് അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പുതിയ ഗ്യാസ് ഏജൻസികൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. സപ്ലൈകോയുടെ കീഴിൽ നിലവിൽ 11 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. പമ്പുകളിലെ ദിവസവേതന ജീവനക്കാരുടെ ശമ്പളം 10-08-2017 മുതൽ 500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജില്ലാ കേന്ദ്രങ്ങളിലും പ്രധാനപ്പെട്ട നഗരങ്ങളിലും അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പരമാവധി ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സപ്ലൈകോ വിതരണം

ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് പൊതു മാർക്കറ്റിനേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറവുണ്ട്. മാർക്കറ്റിലെ മാറ്റങ്ങൾ മുൻകൂട്ടി മനസ്സിലാക്കി മുൻകരുതൽ നടപടി സ്വീകരിക്കാനായി വിലനിർണ്ണയ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. 14 ഉൽപ്പന്നങ്ങൾക്കാണ് നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി നൽകുന്നത്. 2016-17 സാമ്പത്തിക വർഷം 443 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും തൂക്കവും പരിശോധിക്കാറുണ്ടെന്നും സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓൺലൈനിലൂടെ വിറ്റഴിക്കുന്നതിനായി കേന്ദ്ര നിയമത്തിന് അനുരോധമായി സംസ്ഥാന സർക്കാർ ഒരു ഗൈഡ്‌ലൈൻ തയ്യാറാക്കിയിട്ടുണ്ടെന്നും പൊതുജനാഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എല്ലാ പഞ്ചായത്തുകളിലും ഒരു മാവേലി സ്റ്റോറെങ്കിലും ഉണ്ടായിരിക്കണമെന്നതാണ് സർക്കാർ നിലപാടെന്നും സപ്ലൈകോയിലെ ദിവസവേതന ജീവനക്കാരുടെ ശമ്പളം 425 രൂപയാക്കിയിട്ടുണ്ടെന്നും അത് ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും വിഷു, ഈസ്റ്റർ ചന്തകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

64 (*574) റേഡിയേഷൻ സുരക്ഷാ ഡയറക്ടറേറ്റിന്റെ പ്രവർത്തനം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അംഗീകാരം 31-12-2016-വരെ മാത്രമേ ലഭിച്ചിരുന്നുള്ളുവെന്നും ധാരണാപത്രം ഒപ്പു വയ്ക്കാത്തതിനാലും eLORA (Licensing of Radiation Applications)-ലൂടെ ഈ മേഖലയിൽ സ്വകാര്യവൽക്കരണം നടപ്പാക്കുന്നതിനും സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നതിനും കേന്ദ്ര സർക്കാർ തീരുമാനമെടുത്തതിനാലുമാണ് അംഗീകാരം നഷ്ടമായതെന്നും ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തു നിന്ന് വീഴ്ച സംഭവിച്ചിട്ടില്ലെന്നും അംഗീകാരം നേടിയെടുക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണെന്നും സഭയെ അറിയിച്ചു. അംഗീകാരം ലഭിക്കുന്നത് വരെ റേഡിയേഷൻ സുരക്ഷാ നിയമം, 2004 പ്രകാരമുള്ള സുരക്ഷാപരിശോധനകൾ അടക്കമുള്ള പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കണമെന്ന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. പ്രീ ഇൻസ്റ്റലേഷൻ, പ്രീ കമ്മീഷൻ തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഇടപെടാനും പരിശോധിക്കാനും അവസരമൊരുക്കണമെന്ന് ധാരണാപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നും സുരക്ഷാ മുൻകരുതലെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5661 മുതൽ 5985 വരെയുള്ള ചോദ്യങ്ങളിൽ 58 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)